# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4196 — 24.06.2019 -ലെ മറുപടി

## പലകപ്പാണ്ടി കനാലിന്റെ അറ്റകുറ്റപ്പണികൾ

ചോദ്യം
ശ്രീ.കെ.ബാബു

മറുപടി
കെ. കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | നെന്മാറ നിയോജകമണ്ഡലത്തിലെ ചുള്ളിയാർ ഡാമിലേക്കുള്ള പ്രധാന ജലസ്രോതസ്സായ പലകപ്പാണ്ടി കനാലിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | എ) | ഉണ്ട്. |
| ബി) | പലകപ്പാണ്ടി കനാലിൽ നിലവിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | ബി) | പലകപ്പാണ്ടി കനാലിൽ നിലവിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ക്വട്ടേഷൻ/പൊതുലേലം, ഇ-ടെണ്ടർ മുഖേന 10.07.2018ന് ക്ഷണിക്കുകയും ആയതിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ പുനർ ദർഘാസ് ക്ഷണിക്കുകയും അതിൽ രണ്ടു പേർ പങ്കെടുത്തുവെങ്കിലും ഒരാളുടെ ദർഘാസിൽ അപാകത കണ്ടെത്തിയതിനാൽ പ്രസ്തുത ടെണ്ടർ സിംഗിൾ ടെണ്ടർ ആയി പരിഗണിച്ചുകൊണ്ട് 19.10.2018ന് രണ്ടാമതും പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. ആയതിൽ മൂന്ന് പേർ പങ്കെടുക്കുകയും ഏറ്റവും കൂടുതൽ ലേല തുക എഴുതിയ വ്യക്തിക്ക് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും തുകയടച്ച് എഗ്രിമെന്റ് വെയ്ക്കാൻ തയ്യാറാവാതിരുന്നതിനാൽ ടിയാന്റെ EMD സർക്കാറിലേക്ക് കണ്ടുകെട്ടി. തൊട്ടുതാഴെ ക്വോട്ട് ചെയ്ത |

| | | | |
|---|---|---|---|
| | | | തുകയും ആദ്യതുകയും തമ്മിൽ വലിയ അന്തരം ഉള്ളതിനാലും തുക വർദ്ധിപ്പിക്കാൻ ടിയാൻ തയ്യാറാവാതിരുന്നതിനാലും 29.04.2019ന് മൂന്നാമതും പുനർദർഘാസ് ക്ഷണിച്ചു. മൂന്നാമത്തെ പുനർദർഘാസിൽ മുമ്പത്തേതിനേക്കാളും കുറഞ്ഞ തുകയ്ക്കാണ് ലേലം വന്നിട്ടുള്ളത്. ആയതിനാൽ മൂന്നാമത് ക്ഷണിച്ച പുനർദർഘാസിൽ ലഭിച്ച ക്വട്ടേഷൻ സ്വീകരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 1 ന്റെ കത്ത് സർക്കാർ പരിശോധിച്ചു വരുന്നു |

**സെക്ഷൻ ഓഫീസർ**